# നർമദാ സമരം സുപ്രീംകോടതിയും അംഗീകരിക്കുന്നു

സർദാർ സരോവർ അണക്കെട്ടിന്റെ ഉയരം കൂട്ടുന്നതിന് അനുമതി നല്കിയ സുപ്രീംകോടതി വിധിക്കെതിരെ എഴുതുകയും സംസാരിക്കുകയും ചെയ്തതിന് നർമദാ ബചാവോ ആന്ദോളൻ പ്രവർത്തകരായ മേധാ പട്കർ, അരുന്ധതിറോയ്, ശ്രീപദ് ധർമാധികാരി തുടങ്ങിയവർക്കെതിരെ കോടതിയലക്ഷ്യ നടപടികളെടുക്കാൻ തുടങ്ങിയ സുപ്രീംകോടതി അത് വേണ്ടെന്നുവെച്ചിരിക്കുന്നു.

നർമദാ ബചാവോ ആന്ദോളന്റെ ഈ മൂന്നു നേതാക്കളും സുപ്രീംകോടതിവിധി ജനങ്ങൾക്കിടയിൽ തെറ്റിദ്ധാരണ പരത്തുംവിധം വ്യാഖ്യാനിച്ച് പ്രചരിപ്പിച്ചുവെന്ന് കണ്ടെത്തിയ കോടതി അവരുടെ പ്രവൃത്തിയെ രൂക്ഷമായി വിമർശിക്കുകയും അമർഷം പ്രകടിപ്പിക്കുകയും ചെയ്തു. എങ്കിലും ഇവർക്കെതിരെ കോടതിയലക്ഷ്യ നടപടികളെടുക്കുന്നത് ഉപേക്ഷിക്കാനാണ് കോടതി തീരുമാനിച്ചത്.

ഇവർ നേതൃത്വം നല്കുന്ന സമരം പ്രാധാന്യമേറിയ ഒന്നാണെന്ന് ബോധ്യപ്പെട്ട കോടതി, ഇപ്പോൾ ഈ നേതാക്കൾക്കെതിരെ കോടതിയലക്ഷ്യ നടപടികളാരംഭിച്ച് സമരം മുന്നോട്ടുവെയ്ക്കുന്ന പ്രശ്നങ്ങളിൽനിന്ന് ശ്രദ്ധതിരിക്കുന്നത് ശരിയാവില്ല എന്നുപറഞ്ഞുകൊണ്ടാണ് കോടതിയലക്ഷ്യ നടപടികൾ ഉപേക്ഷിച്ചിരിക്കുന്നത്.